**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**ചോദ്യം നമ്പർ : 70**

**30.06.2015-ലെ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതികളിൽ ക്രമക്കേട്**

| **ചോദ്യം**<br>**ശ്രീ.സി.ദിവാകരൻ**<br>**ശ്രീ.ജി.എസ്.ജയലാൽ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ** | **ഉത്തരം**<br>**ശ്രീ.എ.പി.അനിൽ കുമാർ**<br>**(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി)** |
|---|---|
| (എ) വിനോദ സഞ്ചാര വകുപ്പ് കേന്ദ്ര സഹായത്തോടെ നടപ്പാക്കിയ പദ്ധതികളിൽ വൻ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേന്ദ്ര വിനോദ സഞ്ചാര വകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതികളിലാണ് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;<br>(ബി) സാമ്പത്തിക ക്രമക്കേടുകൾക്ക് പുറമെ നിർമ്മാണ പ്രവർത്തനങ്ങൾ, പദ്ധതിച്ചെലവ്, പദ്ധതി നടപ്പാക്കാനെടുത്ത സമയം എന്നിവയിലും ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; | (എ) യും (ബി) യും<br>2008-2009 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയ 4 പദ്ധതികൾ ഇന്ത്യാ ടൂറിസം അസിസ്റ്റന്റ് ഡയറക്ടർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ചൂണ്ടിക്കാട്ടിയ 'ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് ഓഫ് കേരള കലാമണ്ഡലം ആസ് എ കൾച്ചറൽ ടൂറിസം ഡെസ്റ്റിനേഷൻ', 'ഡെവലപ്മെന്റ് ഓഫ് അഷ്ടമുടി ക്രൂസ് സർക്യൂട്ട്' എന്നീ പദ്ധതികളെ സംബന്ധിച്ച പരാമർശങ്ങൾക്ക് വ്യക്തമായ മറുപടി നൽകിയിട്ടുള്ളതാണ്. |

| | | |
|---|---|---|
| (സി) | പൊതുമേഖലയിൽ വിനോദ സഞ്ചാര രംഗത്തു വേണ്ടത്ര പുരോഗതി ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) ഇല്ല. |

സെക്ഷൻ ഓഫീസർ